# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6532 21.11.2019 -ൽ മറുപടിക്ക്

### അന്യ സംസ്ഥാനങ്ങളിലെ സ്കൂളുകളിൽ പഠിച്ചശേഷം സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | പ്രൊഫ.സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ | അന്യ സംസ്ഥാനങ്ങളിലെ സ്കൂളിൽ പഠിച്ചശേഷം സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് മലയാളം ഭാഷാ പഠനത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | എ | ഉണ്ട്. അന്യ സംസ്ഥാനങ്ങളിലെ സ്കൂളിൽ പഠിച്ച ശേഷം സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവേശനം നേടുന്ന, മുൻ ക്ലാസ്സുകളിൽ മലയാളം പഠിച്ചിട്ടില്ലാത്ത, കുട്ടികളെ, മലയാള ഭാഷ പഠിപ്പിക്കുന്നതിനായി എസ്.സി.ഇ. ആർ.റ്റി അതത് ക്ലാസ്സുകൾക്ക് വേണ്ടി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ പഠിപ്പിക്കേണ്ടതാണെന്നും അതിന് അതത് സ്കൂൾ അദ്ധ്യാപകരെ ചുമതല പ്പെടുത്തേണ്ടതാണെന്നും മലയാള ഭാഷാപഠന ചട്ടങ്ങൾ പ്രകാരം ഉത്തര വായിട്ടുണ്ട്. ആയത് സംബന്ധിച്ച നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |
| ബി | പത്താം തരത്തിന് മുമ്പ് ഇത്തരം വിദ്യാർത്ഥികൾക്ക് മലയാളത്തിന് പകരം ഇംഗ്ലീഷ് പഠിക്കുവാൻ അനുമതി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി & സി | പത്താം തരത്തിന് മുൻപ് ഇത്തരം വിദ്യാർത്ഥികൾക്ക് മലയാളത്തിന് പകരം ഇംഗ്ലീഷ് പഠിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകുവാൻ വിദ്യാ ഭ്യാസ ഓഫീസർമാരെ ചുമതല പ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭാഷാ പഠനത്തിനായി എസ്. സി.ഇ.ആർ.റ്റി അതത് ക്ലാസ്സുകളിലേയ്ക്ക് തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ ഇവരെ പഠിപ്പി ക്കേണ്ടതുമാണ് |
| സി | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെ ങ്കിലും പ്രത്യേക പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയി ക്കാമോ? | | |

സെക്ഷൻ ഓഫീസർ